ഭരണഭാഷ - മാതൃഭാഷ

കേരള സംസ്ഥാനം

വ്യാവസായിക പരിശീലനവകുപ്പ്

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം

നാലും അഞ്ചും നില, തൊഴിൽ ഭവൻ,

വികാസ് ഭവൻ. പി. ഒ. തിരുവനന്തപുരം- 695033

നമ്പർ: : **B1/4488/2026** തീയതി: **19-08-2026**

<u>ചുറ്ററിയിപ്പ്</u>

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അക്കൗണ്ട്സ് വിഭാഗം- **"കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം " പദ്ധതിക്കു സർക്കാർ അംഗീകാരം ലഭിച്ചത്** - - സംബന്ധിച്ച്

സൂചന:-
1)തൊഴിലും നൈപുണ്യവും (ഡി) വകുപ്പിൻറെ LBRD-D2/305/2026 നമ്പർ ആയുള്ള 11.08.2026 തിയതിയിലെ കത്ത്
2) വ്യവസായ (ഇ) വകുപ്പിൻറെ സ.ഉ(സാധാ) നം. 918/2026/ID നമ്പർ ആയുള്ള 07.08.2026 തിയതിയിലെ ഉത്തരവ്
3)വ്യവസായ (ഇ) വകുപ്പിൻറെ സ.ഉ(കൈ)നം. 49/2026/ID നമ്പർ ആയുള്ള 23.07.2026 തിയതിയിലെ ഉത്തരവ്

------

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം " പദ്ധതിക്കു സർക്കാർ അംഗീകാരം** ലഭിച്ചത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

GANGA S S

FINANCE OFFICER

ഉള്ളടക്കം : മേൽപ്രകാരം

സ്വീകർത്താവ് :

വകുപ്പിൻ കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും

ആസ്ഥാന കാര്യാലയത്തിലെ എല്ലാ യൂണിറ്റ് ഓഫീസർമാർ/ എല്ലാ സെക്ഷൻ സീനിയർ സൂപ്രണ്ടുമാർക്കും / ഐ.ടി. സെൽ/ ടി.എ/ജെ.എ.എ(ടി) എല്ലാ ക്ലാർക്കുമാർക്കും

പകർപ്പ് :

1) DT, ADT, JDT (CA മുഖാന്തിരം)
2) വകുപ്പ് വെബ്സൈറ്റ്
3) സ്റ്റോക്ക് ഫയൽ ( ബി1)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

നമ്പർ.LBRD-D2/305/2026-LBRD 11-08-2026,തിരുവനന്തപുരം

സ്പെഷ്യൽ സെക്രട്ടറി

1. ലേബർ കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
4. ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് , തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
6. മാനേജിംഗ് ഡയറക്ടർ , ODEPC, 5th ഫ്ലോർ, ടി.സി 15/1037(26), കാർമൽ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
7. എക്സിക്യൂട്ടീവ് ഡയറക്ടർ , KILE , ഗ്രൗണ്ട് ഫ്ലോർ, തൊഴിൽ ഭവൻ, വികാസ് ഭവൻ, വനന്തപുരം.
8. മാനേജിംഗ് ഡയറക്ടർ, KASE, 3rd ഫ്ലോർ, കാർമൽ ടവേഴ്സ്, ടി.സി.നം. 15/1037(24), വഴുതക്കാട്, തിരുവനന്തപുരം - 695014
9. എക്സിക്യൂട്ടീവ് ഡയറക്ടർ, CHIAK, 7th ഫ്ലോർ, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
10. മാനേജിംഗ് ഡയറക്ടർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, പുനലൂർ, കൊല്ലം.
11. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള, ടി.സി 13/287/1, പനച്ചമൂട്ടിൽ, മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം-35

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ്- "കയറിനൊരു കൈതാങ്ങ്-ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" പദ്ധതി-മാർഗ്ഗ നിർദ്ദേശങ്ങൾ പരിപത്രം -സംബന്ധിച്ച്

സൂചന:- 1.സ .ഉ (കൈ ) ന .49/2026/IDതീയതി 23.07.2026
2.സ .ഉ (സാധാ ) ന .918/2026/ID തീയതി 07.08.2026
3.സർക്കുലർ നം.32/സി.എസ്/2026/സി.എസ്.ഒ, തീയതി 07.08.2026

സൂചനയിലെ സർക്കാർ ഉത്തരവുകളുടെയും സർക്കുലറിന്റെയും പകർപ്പ് ആവശ്യമായ തുടർനടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയക്കുന്നു.

വിശ്വസ്തതയോടെ,
ULHAS SASI
അണ്ടർ സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Digitally signed by
Baiju G
Date: 11-08-2026
17:09:19

സെക്ഷൻ ഓഫീസർ.

പകർപ്പ്: തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും( അറിവിലേക്കും ആവശ്യമായ തുടർ നടപടികൾക്കുമായി)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കയർ വികസനം - "കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.**918/2026/ID** തീയതി,തിരുവനന്തപുരം, **07-08-2026**

---

പരാമർശം:- 1. **23-07-2026**-ലെ സ.ഉ.(കൈ) നം. **49/2026**/വ്യവ.

2. കയർ വികസന ഡയറക്ടറുടെ **28-07-2026** ലെ **DCD/633/2026-CP6** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കയർ വകുപ്പ് നടപ്പിലാക്കുന്ന "കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" എന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും (ബന്ധപ്പെട്ട വകുപ്പു മുഖേന).
എല്ലാ ജില്ലാ കളക്ടർമാർക്കും.
കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, കയർഫെഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, ആലപ്പുഴ.
ഡയറക്ടർ, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം **88 OA** തീയതി **22.07.2026**)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സെക്രട്ടറിയറ്റിലെ ധനകാര്യം/നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ. **(E2/109/2026-IND)**

ഉത്തരവിൻ പ്രകാരം
Digitally signed by
Vidya Raj P
Date: 07-08-2026
16:11:44
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു . മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആഭ്യന്തരവും വിജിലൻസും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

<u>അനുബന്ധം</u>

**"കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

**1** . പദ്ധതിയുടെ വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ **2026** ആഗസ്റ്റ് **10** മുതൽ സംസ്ഥാന - ജില്ലാ തലങ്ങളിൽ കയർ വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും ആഭിമുഖ്യത്തിൽ നടത്തുന്നതാണ്.

**2.** പദ്ധതിയുടെ ഭാഗമായി പ്രധാനമായും പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ ഫൈബർമാറ്റ്, ക്രീൽ മാറ്റുകൾ (ബി.സി **1**, ബി.സി-**20** ക്വാളിറ്റി) എന്നിവയാണ് വിപണനം ചെയ്യുന്നത്.

**3. 31-03-2026** വരെ കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ ഏജൻസികൾ സംഭരിച്ച പരമ്പരാഗത ഉൽപ്പന്നങ്ങളാണ് ക്യാമ്പയിന്റെ ഭാഗമായി **50%** വിലക്കുറവിൽ വിറ്റഴിക്കുന്നത്.

**4.** ആയിരം രൂപ വരെ മൂല്യമുള്ള പരമ്പരാഗത ഉൽപ്പന്നങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി **50%** വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ് (ജി.എസ്.ടി ഉൾപ്പെടെ **500/-** രൂപ).

**5.** കളക്ടറേറ്റുകളിൽ പ്രത്യേകം തയ്യാറാക്കിയ കിയോസ്ക്കുകൾ, കയർ വികസന വകുപ്പ് പ്രോജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ, കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷോറൂമുകൾ കൂടാതെ എല്ലാ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും പ്രത്യേകം കേന്ദ്രങ്ങളിലൂടെയും ഉൽപ്പന്നങ്ങൾ ലഭ്യമാക്കും.

**6** . സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾക്ക് കീഴിൽ വരുന്ന വിവിധ അനുബന്ധ സ്ഥാപനങ്ങൾ, ടൂറിസം വകുപ്പ്, ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസുകൾ, ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിർബന്ധമായും കയർ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്ഥാപനമേധാവികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽപ്പറഞ്ഞ എല്ലാ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പങ്കാളിത്തം ഈ പദ്ധതിക്ക് അതാത് സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്.

**7 .** കയർ വകുപ്പ് ജീവനക്കാർ ഓഫീസുകളും വിവിധ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് പദ്ധതി സംബന്ധിച്ച് വിപുലമായ ക്യാമ്പയിൻ നടത്തേണ്ടതും ആവശ്യമായ ഉൽപ്പന്നങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ആയത് കയർ കോർപ്പറേഷൻ / കയർഫെഡിനെ അറിയിച്ച് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ക്രമീകരണം നടത്തേണ്ടതുമാണ്.

**8.** ജീവനക്കാർക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ മേൽ സൂചിപ്പിച്ച പഞ്ചായത്ത് കേന്ദ്രം / പൊതുമേഖലാ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകൾ / കയർ പ്രൊജക്റ്റ് ഓഫീസ് / കയർ ഇൻസ്പെക്ടർ ഓഫീസ് / കളക്ടറേറ്റുകളിൽ പ്രത്യേകം സജ്ജീകരിച്ച കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നതാണ്.

**9.** പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലേക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന്റെ ചുമതല കയർഫെഡിനായിരിക്കും. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഉൽപ്പന്നം വിതരണം ചെയ്യുന്നതിനുള്ള ചുമതല കയർ കോർപ്പറേഷൻ വഹിക്കുന്നതാണ്.

**10.** ക്യാമ്പയിന്റെ ഭാഗമായ വിൽപ്പന, വിതരണം എന്നിവ സംബന്ധിച്ച് കയർ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും അവലോകനം നടത്തേണ്ടതാണ്.

**1 1 .** പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ പ്രൊജക്റ്റ് ഓഫീസുകളിലും പ്രൊജക്ട്തല കമ്മിറ്റി രൂപീകരിക്കേണ്ടതും കയർ വികസന ഡയറക്ടറേറ്റ് കയർഫെഡ്/കയർ കോർപ്പറേഷൻ എന്നിവിടങ്ങളുമായി പ്രൊജക്ട്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതുമാണ്.

**12.** പദ്ധതി നടത്തിപ്പിന്റെയും ഏകോപനത്തിന്റെയും പൂർണ്ണ ചുമതല കയർ വികസന ഡയറക്ടർക്കായിരിക്കും. പദ്ധതിയുടെ നടത്തിപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് കയർ വികസന ഡയറക്ടറേറ്റ് തലത്തിൽ ഡെപ്യൂട്ടി രജിസ്ട്രാറുടെയും അസിസ്റ്റന്റ് രജിസ്ട്രാറുടെയും നേതൃത്വത്തിൽ രണ്ട് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും ദിവസം തോറുമുള്ള വിപണനം വിലയിരുത്തേണ്ടതും, പദ്ധതി നടത്തിപ്പിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

**13.** പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കുന്നതിനായി കയർഫെഡിലും കയർ കോർപ്പറേഷനിലും ഹെൽപ്പ് ലൈൻ ആരംഭിക്കുന്നതാണ്.



File No. LBRD-D2/305/2026-LBRD (Computer No. 3597125)

Generated from eOffice by ANULEKSHMI V, SG- ASST (D2) LBRD, SG-ASST (D2) LBRD, LABOUR DEPARTMENT on 11/08/2026 03:47 PM

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കയർ വികസനം — 'കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം' പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.49/2026/ID തീയതി,തിരുവനന്തപുരം, 23-07-2026

---

**<u>ഉത്തരവ്</u>**

കേരളത്തിലെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത തൊഴിൽ മേഖലയാണ് കയർ വ്യവസായം. രണ്ടു ലക്ഷത്തിലധികം തൊഴിലാളികളും 743-ഓളം കയർ സഹകരണ സംഘങ്ങളും ഈ മേഖലയെ ആശ്രയിച്ച് പ്രവർത്തിച്ചു വരുന്നു. എന്നാൽ, വിപണിയിലുണ്ടായ ഇടിവ്, ഉപഭോക്താക്കളുടെ കുറവ്, നൂതന ഉൽപ്പന്നങ്ങളുടെ അഭാവം എന്നിവ കാരണം കയർ സഹകരണ സംഘങ്ങളും തൊഴിലാളികളും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും നിർണ്ണായക പങ്കു വഹിക്കുന്ന ഈ മേഖലയെ സംരക്ഷിക്കുന്നതിനും സംഘങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും, തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും വരുമാനവും ഉറപ്പാക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾ എന്നിവയുടെ ഏകോപനത്തിലൂടെ കയർ ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ വിലയിരുത്തുന്നു.

2. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കയർ മേഖലയുടെ സമഗ്ര വികസനവും കയർ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം, കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, പുതിയ വിപണയിലേക്കുള്ള ചുവടുമാറ്റം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള "കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" എന്ന പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

3. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾക്കു കീഴിൽ വരുന്ന വിവിധ അനുബന്ധ സ്ഥാപനങ്ങൾ, ടൂറിസം വകുപ്പ്, ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസുകൾ, ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കയർ ഉൽപ്പന്നങ്ങളുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും കയർ ഉൽപ്പനങ്ങൾ നിർബന്ധമായും വാങ്ങുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി എല്ലാ വകുപ്പുമേധാവികളും



File No. LBRD-D2/305/2026-LBRD (Computer No. 3597125)

Generated from eOffice by ANULEKSHMI V, SG- ASST (D2) LBRD, SG-ASST (D2) LBRD, LABOUR DEPARTMENT on 11/08/2026 04:34 PM

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കയർ വികസന വകുപ്പുമായി പൂർണ്ണമായി സഹകരിക്കേണ്ടതാണ്.

4. പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് ആലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും (ബന്ധപ്പെട്ട വകുപ്പ മുഖേന).
എല്ലാ ജില്ലാ കളക്ടർമാർക്കും.
കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, ആലപ്പുഴ
മാനേജിംഗ് ഡയറക്ടർ, കയർഫെഡ്, ആലപ്പുഴ
ഡയറക്ടർ, NCRMI, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി. )വകുപ്പ് ( 22.07.2026-ലെ ഇനം നം. OA 88 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സെക്രട്ടറിയേറ്റിലെ ധനകാര്യം നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Vidya Raj P
Date: 23-07-2026
20:00:54
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആഭ്യന്തരവും വിജിലൻസും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്